## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 45      07-01-2014 ലെ മറുപടിയ്ക്ക്

### ലോട്ടറി മേഖല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ് :<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ.സി.പി.മുഹമ്മദ് :<br>ശ്രീ.കെ.മുരളീധരൻ : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ ലോട്ടറി രംഗം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | എ) വിപണിയിലെ ഡിമാന്റിനനുസൃതമായി 20/- രൂപ ടിക്കറ്റുകളുടെ അച്ചടി 5 ലക്ഷം വീതം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒറ്റ നമ്പർ ലോട്ടറികൾ, നിയമവിരുദ്ധ അന്യസംസ്ഥാന ലോട്ടറികൾ എന്നിവയുടെ അനധികൃത വില്പന തടയുന്നതിനായി അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്)തലവനായ സംസ്ഥാനതല സമിതി യും അതാത് ജില്ലാ കളക്ടർ തലവനായി ജില്ലാ തല മോണിറ്ററിംഗ് സെല്ലും രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ഒരു വിജിലൻസ് സെൽ രൂപീകരിക്കുന്നതിനുള്ള നടപടിയും പരിശോധന യിലാണ്. അന്യസംസ്ഥാന ഭാഗ്യക്കുറികൾ അന ധികൃതമായി സംസ്ഥാനത്ത് കടന്നുവരുന്നതി നെതിരായി ഫലപ്രദമായ നടപടികളും സ്വീകരിച്ചുവരുന്നു. ടിക്കറ്റ് വിൽപന വർദ്ധിച്ച സാഹചര്യത്തിൽ ജില്ലാ ഓഫീസുകളിൽ ആവശ്യമായ കമ്പ്യൂട്ടർ ഉപകരണങ്ങൾ, സെർവർ upgradation, ഓഫീസ് നവീകരണം എന്നിവയ്ക്കുള്ള നടപടികൾ പുരോഗതിയിലാണ്.<br>എല്ലാ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലും ടിക്കറ്റുകളുടെ കടക്കുറ്റി മുറിച്ചുമാറ്റുന്നതിനായി cutting Machine ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ലോട്ടറി ടിക്കറ്റുകളുടെ വില ബാങ്കുവഴി അടയ്ക്കുന്നതിനായി e-payment സംവിധാനം നിലവിൽ തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നടപ്പാക്കിയിട്ടുണ്ട്. ഇത് മറ്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലേയ്ക്കും |

വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാന്വലായി നടത്തിയിരുന്ന നറുക്കെടുപ്പ് ഇപ്പോൾ നറുക്കെടുപ്പ് യന്ത്രത്തിലാണ് നടത്തുന്നത്. ഇത് മൂലം സമ്മാനഘടന പരിഷ്ക്കരിച്ച് സമ്മാനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് വരുത്താൻ സാധിച്ചിട്ടുണ്ട്.

ഭാഗ്യക്കുറി നറുക്കെടുപ്പ് തൽസമയ സംപ്രേക്ഷണം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഭാഗ്യക്കുറി വകുപ്പിൽ മൂന്ന് ജില്ലകളിൽ ഓരോ താലൂക്ക് ഓഫീസുകൾ അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ലോട്ടറി രംഗം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിൽപന ശാലകൾ രജിസ്റ്റർ ചെയ്യുന്നതും വിൽപനകാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതും ആലോചനയിലാണ്.

ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

സി) പ്രസ്തുത കമ്മീഷന്റെ അന്വേഷണ പരിധിയിൽ എന്തെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

ബി) & സി) ലോട്ടറി വകുപ്പുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള മറ്റുചില വിഷയങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. ഡി. പ്രേമചന്ദ്രൻ ജില്ലാ സെഷൻസ് ജഡ്ജ് (റിട്ട.)-നെ ഏകാംഗകമ്മീഷനായി നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ അന്വേഷണ പരിധിയിൽ താഴെ പറയുന്നവ ഉൾപ്പെടുത്തിയിട്ടുണ്ട്.

1). ടിക്കറ്റ് വിതരണത്തിലെ വിവേചനം, ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് ലഭിക്കുന്നില്ല എന്ന ആക്ഷേപം.
2). ഏജന്റുമാർ തമ്മിൽ ടിക്കറ്റ് പരസ്പരം കൈമാറി കമ്മീഷൻ തിരിമറി നടത്തുന്ന പ്രവണത.
3). ഒരേ നമ്പറിലുള്ള രണ്ട് ടിക്കറ്റുകൾ വിതരണം ചെയ്ത സംഭവം, ടിക്കറ്റ് പ്രിന്റിംഗിലേയും വിതരണത്തിലേയും നിലവിലുള്ള അപാകതകൾ.
4). ടിക്കറ്റ് വിൽപന മൂലം ലഭിക്കുന്ന തുക യഥാസമയം ട്രഷറിയിൽ അടയ്ക്കാതിരിക്കുന്ന ഗൗരവതരമായ വീഴ്ച.
5). അന്യസംസ്ഥാന ലോട്ടറിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിൽ വേണ്ടത്ര ശുഷ്കാന്തി ഇല്ലായ്മ.

| | | | |
|---|---|---|---|
| ഡി) | സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ കാരുണ്യ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനും കൂടുതൽ ലോട്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടി കമ്മീഷന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ; | ഡി) | കൂടുതൽ ലോട്ടറികൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ നിയമിച്ചിരിക്കുന്ന കമ്മീഷന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടില്ല. |
| ഇ) | കമ്മീഷന്റെ റിപ്പോർട്ട് എന്ന് ലഭ്യമാകും; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ഇ) | 17-12-2013 മുതൽ രണ്ട് മാസത്തെ കാലാവധിയാണ് കമ്മീഷന് അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ